# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3368

19-06-2019 ൽ മറുപടിയ്ക്ക്

### ഹാജിമാർക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) കരിപ്പൂർ ഹജ്ജ് ഹൗസിൽ ഹാജിമാർക്ക് ഏർപ്പെടുത്തി യിട്ടുള്ള സൗകര്യങ്ങൾ വിശദീകരിക്കാമോ; | എ) കേരളത്തിലെ ഹാജിമാരുടെ യാത്ര ഇന്ത്യയിൽ നിന്നും പുറപ്പെടുന്ന ആദ്യത്തെ ബാച്ചിൽ ഉൾപ്പെടുത്തുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. കോഴിക്കോട് എയർപോർട്ടിൽ ഹാജിമാർക്ക് വേണ്ട എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി കോഴിക്കോട് എയർപോർട്ട് അധികൃതരുമായി ബന്ധപ്പെട്ട് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തീർത്ഥാടകരുടെ സേവനത്തിനായി 2019 ഹജ്ജ് ക്യാമ്പിലേക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 200ഓളം ക്യാമ്പ് വോളണ്ടിയർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഹജ്ജ് ക്യാമ്പ് സംഘടിപ്പിക്കുന്നതിന് വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സഹകരണവും സേവനങ്ങളും നൽകുന്നതിന് എക്സിക്യൂട്ടീവ് ഓഫീസറായ മലപ്പുറം ജില്ലാ കലക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. തീർത്ഥാടകരുടെ സുഗമമായ യാത്രക്കായി 2019 ലെ ഹജ്ജ് ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി ഏകദേശം 200 ഓളം പേരടങ്ങിയ സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സൗദി അറേബ്യയിൽ സേവനം ലഭ്യമാക്കുന്നതിനായി 6 സ്ത്രീകൾ ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട 62 സർക്കാർ ജീവനക്കാരെ ഹജ്ജ് വോളണ്ടിയർമാരായി അവരുടെ കൂടെ അയക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തീർത്ഥാട |

| | | | |
|---|---|---|---|
| | | | കരുടെ യാത്ര സംബന്ധമായ രേഖകൾ പരിശോധിക്കുന്നതിനും, ക്രമപ്പെടുത്തുന്നതിനുമായി അറുപതോളം സംസ്ഥാന സർക്കാർ ജീവനക്കാരെ ഉൾപ്പെടുത്തി ഹജ്ജ് സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | നാല് വർഷത്തെ ഇടവേളക്കു ശേഷം ഹജ്ജ് ക്യാമ്പ് വീണ്ടും സജ്ജീകരിക്കുമ്പോൾ ഹാജിമാർക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ബി) | സംസ്ഥാന സർക്കാരിന്റെയും ഹജ്ജ് കമ്മിറ്റിയുടെയും പരിശ്രമഫലമായി കരിപ്പൂരിൽ ഹജ്ജ് എംബാർക്കേഷൻ തിരികെ ലഭിച്ചതിനാൽ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തി തീർത്ഥാടകർക്ക് യാതൊരുവിധ പ്രായോഗിക ബുദ്ധിമുട്ടും വരാതിരിക്കുവാൻ നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ